(ബി) ഉണ്ട്. ഭേദഗതികൾ താഴെ പറയുന്നവയാണ്:

1. സെനറ്റിലെ ബിരുദധാരികളുടെ മണ്ഡലം നിറുത്തലാക്കൽ
2. സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും കാലാവധി പരസ്പരം പൂരകമാക്കൽ
3. അഫിലിയേറ്റഡ് കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള വകുപ്പ് ചേർക്കൽ
4. സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് മാനദണ്ഡം നിശ്ചയിക്കൽ
5. കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റുകൾക്ക് പകരം ഇടക്കാല ഭരണ സമിതി രൂപീകരിക്കൽ.

(സി) കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ ഇപ്പോൾ സെനറ്റ് നിലവിലില്ല. സെനറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അതത് സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ഡി) കാലാവധി കഴിഞ്ഞും, ഒരു വർഷത്തിലേറെയായി തുടർന്നുവന്ന കേരള, കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ പിരിച്ചുവിട്ട് ഇടക്കാല ഭരണ സമിതിയെ നോമിനേറ്റ് ചെയ്തിട്ടുണ്ട്.

(ഇ) സ്വാശ്രയ കോളേജുകളുടെ ഫീസ്/വിദ്യാർത്ഥി പ്രവേശനം എന്നിവ സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ നിയമം ഇപ്പോൾ സുപ്രീം കോടതി മുൻപാകെ നിലവിലുള്ള കേസിൽ വിശകലനം ചെയ്യുന്നുണ്ട്. നിയമസഭയുടെ മുൻപാകെ ഇപ്പോൾ നിലവിലുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) സ്വാശ്രയ കോളേജുകളിലെ ഘനതിക സൗകര്യം, അദ്ധ്യാപകരുടെ യോഗ്യത തുടങ്ങിയ കാര്യങ്ങളിൽ വ്യവസ്ഥകളുണ്ടാക്കാൻ യൂണിവേഴ്സിറ്റിക്ക് അധികാരം നൽകുന്ന വകുപ്പുകളുണ്ട്.

റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും

8 [*257] ശ്രീ. വി. കെ. സി. മമ്മത്കോയ:

,, എം. വി. ജയരാജൻ:

ശ്രീമതി ഗിരിജ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പുനഃക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ ഏറ്റെടുക്കാൻ മരാമത്ത് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് സമയബന്ധിതമായ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ), (ബി) പ്രത്യേകിച്ച് പുനഃക്രമീകരണങ്ങൾ ഒന്നും വരുത്തിയിട്ടില്ല.

(സി) ഉണ്ട്. 23-11-2004-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 2791 കി. മീ. പഞ്ചായത്ത് റോഡുകൾ സർക്കാർ ഏറ്റെടുത്ത് പ്രധാന ജില്ലാതല റോഡുകളാക്കി ഉയർത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സംസ്ഥാനതല ടാക്സ് ഫോഴ്സ് കമ്മിറ്റി അംഗീകരിച്ച് പണികൾ നടപ്പിലാക്കിവരുന്നു.

സുനാമി പുനർനിർമ്മാണത്തിന് വിദേശസഹായം

9 [*258] ശ്രീ. സി. പി. മുഹമ്മദ്:
,, കെ. അച്ചുതൻ:
ശ്രീമതി മാധാമാഘവൻ:
ശ്രീ. എ. കെ. മണി:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെത്തുടർന്നുള്ള പുനർനിർമ്മാണത്തിന് വിദേശസഹായം സ്വീകരിക്കുവാനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിലും സ്ഥാപനങ്ങളിലും നിന്നാണ് വിദേശസഹായം സ്വീകരിക്കുവാനുദ്ദേശിക്കുന്നത്;

(സി) എന്തു തുകയുടെ വിദേശസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) എന്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഈ തുക സ്വീകരിക്കുന്നത്?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ)—(സി) 2004 ഡിസംബർ മാസത്തിലുണ്ടായ സുനാമി ദുരന്തത്തെ തുടർന്ന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനായി കേന്ദ്ര ധനമന്ത്രാലയത്തിന്റെ അഭ്യർത്ഥന പ്രകാരം വേൾഡ് ബാങ്ക്, ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക്, യുണൈറ്റഡ് നേഷൻസ്, കോമൺവെൽത്ത് എന്നിവയുടെ പ്രതിനിധികൾ അടങ്ങുന്ന സംയുക്ത സംഘം സംസ്ഥാനത്തെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ദുരിതാശ്വാസ-പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 2371.02 കോടി രൂപയുടെ പുതുക്കിയ നിർദ്ദേശങ്ങളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ വിദേശസഹായം എത്രമാത്രം ലഭ്യമാകുമെന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന് വ്യക്തമായ കണക്ക് ലഭിച്ചിട്ടില്ല.

(ഡി) വിദേശസഹായമൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകളൊന്നും സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly